ഫാം ഇൻഫർമേഷൻ ബ്യൂറോ
കേരള സർക്കാർ

# ഹരിതദളം

ന്യൂസ് ലെറ്റർ

പുസ്തകം 3 | ലക്കം 2 | ജൂലായ് 15 | 2009

ഉൾപേജുകളിൽ
2 ഓയിൽ, വെർജിൻ
4 മലബാറിന് പ്രത്യേക നെൽകൃഷി പാക്കേജ്





# 40,000 ടൺ പച്ചക്കറിയുടെ അധികോത്പാദനം



കഴിഞ്ഞ സാമ്പത്തികവർഷം 'ആയിരം പച്ചക്കറി ഗ്രാമങ്ങൾ' പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി 3050 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറികൃഷി വ്യാപിപ്പിക്കാനും 40,000 ടൺ പച്ചക്കറി അധികം ഉത്പാദിപ്പിക്കാനും കഴിഞ്ഞെന്ന് കൃഷിവകുപ്പിന്റെ കണക്കുകൾ വെളിപ്പെടുത്തി. 20,000 കർഷകർ ഈ പദ്ധതിയിൽ പങ്കാളികളാകുകയും 6 ലക്ഷം അധികതൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു.

നഗരപ്രദേശങ്ങളിൽ 25,000ത്തോളം പച്ചക്കറികിറ്റുകൾ വിതരണം ചെയ്യുകയും അയ്യായിരത്തിൽപ്പരം വിദ്യാർത്ഥികളെ പങ്കാളികളാക്കി 105 സ്കൂളുകളിൽ പച്ചക്കറിത്തോട്ടങ്ങളൊരുക്കുകയും ചെയ്തു. പച്ചക്കറി ഗ്രാമങ്ങളിൽ ഉല്പാദിപ്പിച്ച പച്ചക്കറികൾ ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെ.യും സംഭരിച്ച് വിതരണം നടത്തിയതിനു പുറമെ പച്ചക്കറികളുടെ വിപണനത്തിനായി 9 സ്വാശ്രയ മാർക്കറ്റുകൾ, പ്രാദേശിക പച്ചക്കറിച്ചന്തകൾ, തലച്ചുമടായുള്ള പച്ചക്കറി വില്പന, സംസ്ഥാന ജില്ലാതലങ്ങളിലുള്ള ഓണം പച്ചക്കറിച്ചന്തകൾ എന്നിവയും സംഘടിപ്പിച്ചു.

ഈ സാമ്പത്തികവർഷം പദ്ധതിയുടെ കീഴിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 200 ഗ്രാമങ്ങളിൽ ജൈവകൃഷിക്ക് പ്രാധാന്യം നൽകിക്കൊണ്ട് പച്ചക്കറി കൃഷി ചെയ്യും. 5 ഹെക്ടർ സ്ഥലത്ത് ഗ്രൂപ്പടിസ്ഥാനത്തിൽ വിവിധതരം പച്ചക്കറികൾ കൃഷി ചെയ്യുന്നതിന് വിത്ത്, ജൈവവളം, ജൈവകീടനാശിനി, ജലസേചനം, പന്തലിടൽ, വിപണനം എന്നിവയ്ക്കായി ഹെക്ടറൊന്നിന് 10000 രൂപ നിരക്കിൽ കർഷകർക്ക് ആനുകൂല്യം നൽകി 1000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി, വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി, കൃഷിഭവനുകളിൽ മാതൃകാ പച്ചക്കറിത്തോട്ടങ്ങൾ ഉണ്ടാക്കൽ, തുടങ്ങിയവയും നടപ്പിലാക്കും. വീട്ടുവളപ്പിൽ പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിന് വീട്ടമ്മമാർക്ക് വിവിധയിനം പച്ചക്കറികളുടെ വിത്തുകളടങ്ങിയ 10 രൂപവിലയുള്ള ഒന്നര ലക്ഷം കിറ്റുകൾ സൗജന്യമായി കൃഷിഭവൻ മുഖേന വിതരണം ചെയ്യും. ഇതോടൊപ്പം വിദ്യാലയങ്ങളിലും മറ്റ് സ്ഥാപനങ്ങളിലും പച്ചക്കറിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 250 രൂപ വിലയുള്ള 400 പച്ചക്കറി കിറ്റുകൾ സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കുന്നതിനും കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും എല്ലാ കൃഷിഭവനുകളിലും കുറഞ്ഞത് 5 സെന്റ് സ്ഥലത്ത് മാതൃകാ പച്ചക്കറിത്തോട്ടമുണ്ടാക്കും.

ഒന്നാംഘട്ടത്തേക്കാൾ മെച്ചപ്പെട്ട വിളവും ജനപ്രാതിനിധ്യവുമാണ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കൃഷിവകുപ്പ് വിഭാവനം ചെയ്യുന്നത്.

# കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപിച്ച 8 കാലാവസ്ഥാ കേന്ദ്രങ്ങളിലൊന്ന് കേരളത്തിനു ലഭിക്കണമെന്ന് കൃഷിമന്ത്രി





കേന്ദ്ര കൃഷിസഹമന്ത്രി കെ.വി.തോമസിന്റെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ ചേർന്ന യോഗത്തിൽ, കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപിച്ച 8 കാലാവസ്ഥാകേന്ദ്രങ്ങളിലൊന്ന് കേരളത്തിന് ലഭ്യമാക്കണമെന്ന് കൃഷിമന്ത്രി മുല്ലക്കര രത്നാകരൻ ആവശ്യപ്പെട്ടു. മുഖ്യമായും കാലാവസ്ഥയെ ആശ്രയിച്ചുള്ള കൃഷികലണ്ടറാണ് കേരളത്തിൽ അനുവർത്തിക്കുന്നതെന്നതിനാൽ കാലാവസ്ഥാ മാറ്റം ഇവിടത്തെ കാർഷികമേഖലയെ ഏറെ സ്വാധീനിക്കുന്നുണ്ടെന്ന് കൃഷിമന്ത്രി ചർച്ചയിൽ ചൂണ്ടിക്കാട്ടി. അതുകൊണ്ടുതന്നെ കാലാവസ്ഥാ കേന്ദ്രത്തിന്റെ കാര്യത്തിൽ കേരളത്തിനു പ്രഥമ പരിഗണന നൽകണമെന്ന് മന്ത്രി ആവശ്യപ്പെട്ടു.

യോഗത്തിൽ, നാളികേരത്തിന്റെ വിലയിടിവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും മന്ത്രി ഉന്നയിച്ചു. കേരളത്തിൽ മഴക്കാലമായതിനാൽ സംഭരണ കൊപ്രയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള ഈർപ്പ ശതമാനം നിലവിലുള്ള 6 ശതമാനത്തിൽ നിന്ന് ഉയർത്തണമെന്നും ഈർപ്പാംശം കൂടുതലുള്ള കൊപ്ര പ്രത്യേക വില നിശ്ചയിച്ചു സംഭരിക്കണമെന്നും കൃഷിമന്ത്രി ആവശ്യപ്പെട്ടു. പാമോയിൽ വളരെ കൂടുതലായി കേരളത്തിൽ എത്തിച്ചേരുന്നതിന് ഇടയാക്കുന്ന നികുതിഘടന മാറ്റണമെന്നും, കിലോയ്ക്ക് 15 രൂപ നിരക്കിൽ പാമോയിലിന് നൽകുന്ന സബ്സിഡി വെളിച്ചെണ്ണയ്ക്കുകൂടി നൽകണമെന്നുമുള്ള ആവശ്യങ്ങളും കൃഷിമന്ത്രി ഉന്നയിച്ചു. കൊപ്രാഡ്രയറുകൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായം 50 ശതമാനമായി വർദ്ധിപ്പിക്കുകയും വേണം. നീര ഉൾപ്പെടെയുള്ള നാളികേരത്തിന്റെ വൈവിധ്യവൽക്കരണത്തിനു മന്ത്രി കേന്ദ്രസഹായം അഭ്യർത്ഥിച്ചു.

കേരളഗവൺമെന്റ് മുന്നോട്ടുവച്ച വിഷയങ്ങളിൽ അനുകൂല സമീപനമാണ് കേന്ദ്രകൃഷിസഹമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടായതെന്ന് കൃഷിമന്ത്രി മുല്ലക്കര രത്നാകരൻ പറഞ്ഞു.

സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കർഷക കടാശ്വാസ നിയമത്തെ മാതൃകയാക്കി ഒരു കേന്ദ്ര നിയമം രൂപപ്പെടുത്തണമെന്ന് സംസ്ഥാന നിയമസഭ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടു. ഈ നിയമം പ്രാബല്യത്തിൽ വന്നതോടെ കേരളത്തിൽ കർഷക ആത്മഹത്യകൾ ഇല്ലാതാക്കാൻ കഴിഞ്ഞെന്ന് എം.എൽ.എമാർ അഭിപ്രായപ്പെട്ടു.

# ഓയിൽ,



## വെർജിൻ കോക്കനട്ട് ഓയിലിനു പ്രിയമേറുന്നു.

രാജ്യാന്തര വിപണിയിൽ മാത്രമല്ല ഭാരതത്തിലും വെർജിൻ കോക്കനട്ട് ഓയിലിന്റെ വിപണി പതിന്മടങ്ങായിട്ടുണ്ട്. ഇതിന്റെ മേന്മകളെക്കുറിച്ചുള്ള ഒട്ടേറെ വിവരങ്ങൾ വെളിപ്പെട്ടതാണിതിനു കാരണം. മാത്രമല്ല, റിഫൈനിങ്ങിനു വിധേയമായ സാധാരണ വെളിച്ചെണ്ണയിൽനിന്ന് വ്യത്യസ്തമായി രുചിയും ഗുണവും ഇതിനു കൂടുതലായിരിക്കും, തേങ്ങയുടെ പുതുമയാർന്ന ഗന്ധവും. നാളികേരോത്പ്പന്നങ്ങളിൽ പ്രഥമ സ്ഥാനത്തേക്കു കുതിക്കുന്ന ഈ വെർജിൻ ഓയിലിന്റെ മുഖ്യ ഉത്പ്പാദകരാഷ്ട്രം ഫിലിപ്പൈൻസാണ്. കേരളത്തിലെ വീടുകളിൽ തേങ്ങാപ്പാൽ ചൂടാക്കി ഉരുക്കുവെളിച്ചെണ്ണ ഉണ്ടാക്കിയിരുന്നതിനു വ്യത്യസ്തമായി ചൂട് ഉപയോഗിക്കാതെയുള്ള കോൾഡ് പ്രോസസിങ്ങ് രീതിയിലാണ് ഫിലിപ്പൈൻസിലും മറ്റും വെർജിൻ ഓയിലുണ്ടാക്കുന്നത്.

**കൊപ്രയിൽനിന്നല്ലാതെ തേങ്ങാപ്പീരയിൽനിന്ന് നേരിട്ടു വേർതിരിക്കുന്നതാണു വെർജിൻ കോക്കനട്ട് ഓയിൽ. ഇതിന് രാജ്യാന്തര വിപണിയിൽ ലിറ്ററിന് 12 അമേരിക്കൻ ഡോളറോളം വിലയുണ്ട്.**

## സാങ്കേതികവിദ്യയുമായി നാളികേര ബോർഡ്

കൊച്ചി ആസ്ഥാനമായുള്ള നാളികേര വികസന ബോർഡ് 'സെൻട്രൽ ഫുഡ്ടെക്ക്നോളജി & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടി'ന്റെ (CFTRI) സഹായത്തോടെ കോൾഡ് പ്രോസസിംഗ് രീതിയിൽ വെർജിൻ കോക്കനട്ട് ഓയിലുണ്ടാക്കാനുള്ള സാങ്കേതികവിദ്യ വികസിപ്പിച്ചു. അര ലക്ഷം രൂപയാണ് സാങ്കേതികവിദ്യാ കൈമാറ്റത്തിനുള്ള ഫീസ്. കാസറഗോഡുള്ള കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവും കോൾഡ് പ്രോസസിംഗിനുള്ള യന്ത്ര സംവിധാനങ്ങൾ വികസിപ്പിച്ചിട്ടുണ്ട്.

## ഒരു തേങ്ങയിൽനിന്ന് 30 രൂപ

തൃശൂർ മതിലകത്തുള്ള ചിന്നമ്മയും ഭർത്താവ് ജോയിയും 'ചിന്നു കോക്കനട്ട് പ്രോഡക്ട്സ്' എന്ന സ്ഥാപനമുണ്ടാക്കിയിട്ട് അഞ്ചു വർഷത്തോളമാകുന്നു. നാളികേര വികസന ബോർഡിന്റെ സഹായം ഇതിനുണ്ട്. വെർജിൻ കോക്കനട്ട് ഓയിലാണു ഇവരുടെ മുഖ്യ ഉത്പന്നം. ദിവസവും 500 ലിറ്റർ വെർജിൻ ഓയിൽ ഉണ്ടാക്കി കിലോയ്ക്ക് 200രൂപയ്ക്ക് ഇവർ വിറ്റഴിക്കുന്നു. വെർജിൻ ഓയിലിനു വിപണിയിൽ നല്ല പ്രിയമാണെന്ന് ചിന്നമ്മ പറഞ്ഞു. മെട്രോ സിറ്റികളിലാണു ഇതിനു കൂടുതൽ ആവശ്യം ഒരു തേങ്ങയെ 30 രൂപാ വിലമതിക്കുന്ന ഉത്പ്പന്നങ്ങളാക്കുകയാണു ചിന്നു കോക്കനട്ട് പ്രോഡക്ട്സ്.



# വെർജിൻ

## ഗുണത്തിൽ മുലപ്പാലിനു തുല്യം

വെർജിൻ കോക്കനട്ട് ഓയിലിന്റെ ഗുണങ്ങൾക്കു മുഖ്യഹേതു അതിലടങ്ങിയിട്ടുള്ള ലാറിക്ക് അമ്ലമാണ്. മുലപ്പാലാണ് ഇതു കൂടുതലുള്ള പ്രകൃത്യാ ലഭിക്കുന്ന മറ്റൊരു പദാർത്ഥം. മനുഷ്യശരീരത്തിൽവച്ച് ലാറിക്ക് അമ്ലം മോണോലാറിനാവുന്നു. എച്ച്.ഐ.വി, ഹെർപ്പസ്, ഇൻഫ്ളുവൻസാ, പരാദ ബാക്ടീരിയകൾ തുടങ്ങിയവയുടെ ലിപ്പിഡ് ആവരണം നശിപ്പിക്കാൻ കെൽപ്പുള്ള പദാർത്ഥമാണു മോണോ ലാറിൻ. ലാറിക്ക് ആസിഡ് സമീപഭാവിയിൽത്തന്നെ ഒമേഗ-3-ഫാറ്റി ആസിഡിനു (ചില മത്സ്യങ്ങളിലുള്ള ഔഷധഘടകം) തുല്യമായി വിപണിയിൽ സ്ഥാനം നേടിയേക്കുമെന്നാണ് കരുതപ്പെടുന്നത്.

## ആയുരാരോഗ്യത്തിന് കോക്കനട്ട് ഡയറ്റ്

നാളികേരവും വെളിച്ചെണ്ണയും ശീലമാക്കിയ പോളിനേഷ്യ പോലുള്ള പസഫിക് ദ്വീപുകളിലെ ജനങ്ങളുടെ ആരോഗ്യവും നാളികേരവും തമ്മിലുള്ള ബന്ധം മുൻനിർത്തി ഒട്ടേറേ ഗവേഷണങ്ങൾ നടന്നിട്ടുണ്ട്. ഇവരിൽ ഹൃദ്രോഗം ഉൾപ്പെടെയുള്ള രോഗങ്ങൾ കുറവാണെന്നും സൗന്ദര്യവും ആരോഗ്യവും ആയുസ്സും കൂടുതലാണെന്നും ഗവേഷണങ്ങൾ തെളിയിച്ചു. എന്നാൽ ഫാസ്റ്റ്ഫുഡ് ഉൾപ്പെടെയുള്ള ആധുനിക ജീവിതചര്യകൾ വ്യാപകമായതിന്റെ ഫലമായി ഇവിടങ്ങളിൽ രോഗങ്ങൾ പണ്ടത്തെക്കാൾ ഇപ്പോൾ വ്യാപകമായിട്ടുണ്ട്.

## രോഗങ്ങളെ അകറ്റാൻ

ലോകത്തു പലയിടങ്ങളിലായി നടന്ന ഗവേഷണങ്ങൾ വെർജിൻ ഓയിലിന്റെ ഒട്ടേറെ ഗുണങ്ങൾ വെളിപ്പെടുത്തി. ഫിലിപ്പൈൻസിലെ പസിഗിലുള്ള "സ്കിൻ കെയർ ആന്റ് കാൻസർ ഫൗണ്ടേഷന്റെ" പഠനമനുസരിച്ച് വെർജിൻ ഓയിൽ പുരട്ടിയാൽ ത്വക്ക് കാൻസർ സാധ്യത കുറയും. ട്യൂമർ വളർച്ചയെ തടയാൻ വെർജിൻ ഓയിലിന്റെ ഭക്ഷ്യപരമായ ഉപയോഗം സഹായിക്കുമെന്നും തെളിഞ്ഞിട്ടുണ്ട്. പ്ലേറ്റ്ലെറ്റുകൾ ഒട്ടിച്ചേരുന്ന സ്ഥിതി ഒഴിവാക്കുകവഴി കൊളസ്ട്രോൾ കുറയ്ക്കാനും ത്വക്‌രോഗ സാധ്യത മന്ദീഭവിപ്പിക്കാനും വെർജിൻ ഓയിലിനാവും. കേരളാ യൂണിവേഴ്സിറ്റിയിലെ ബയോകെമിസ്ട്രി വകുപ്പിലുള്ള ഡോ. ടി. രാജ്മോഹൻ, നെവിൻ.കെ.ജി എന്നിവർ നടത്തിയ ഗവേഷണവും ഇതു ശരിവച്ചിട്ടുണ്ട്. കരളിന്റെ ആരോഗ്യത്തിന് വെർജിൻ ഓയിൽ ഗുണകരമാണെന്നും കണ്ടെത്തി. ത്വക്ക് സൗന്ദര്യത്തിന് വെർജിൻ ഓയിൽ തേക്കുന്നതു നല്ലതാണെന്നു മുമ്പുതന്നെ തെളിഞ്ഞിട്ടുണ്ട്. തൈറോയിഡ് രോഗികളിൽ വെർജിൻ ഓയിലിന്റെ ഉപയോഗം ഉപാപചയ പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കാൻ സഹായകരമാകും. അമിതമായ ക്ഷീണമുണ്ടാക്കുന്ന 'ക്രോണിക്ക് ഫാറ്റീഗ് സിൻഡ്രോം', അമിതമേദസ്സ് എന്നിവ മാറ്റാൻ വെർജിൻ ഓയിലിന്റെ ഉപയോഗം വഴിയൊരുക്കുമെന്നാണു മറ്റൊരു നിരീക്ഷണം. ആമാശയ വിരകളെയും കൃമികളെയും പുറന്തള്ളാനുള്ള വെർജിൻ ഓയിലിന്റെ കഴിവും തെളിഞ്ഞിട്ടുണ്ട്.

ഡോക്ടർമാർ രോഗികളോട് 3 ടീ സ്പൂൺ വെർജിൻ ഓയിൽ ദിവസവും കഴിക്കാൻ ശുപാർശ ചെയ്യുന്ന കാലം വിദൂരമല്ല. അതിനനുസരണമായി ഇതിന്റെ വാണിജ്യസാധ്യത ഇനിയും കൂടും. കേരളത്തിലെ കേരകർഷകർ ഈ സാധ്യതകൾ ഉപയോഗപ്പെടുത്താൻ വൈകരുത്.

# മലബാറിന് പ്രത്യേക നെൽകൃഷി പാക്കേജ്

മലബാർ മേഖലയിൽ നെല്ലുത്പാദനം വർദ്ധിപ്പിക്കുന്നതിനും 2012 ഓടുകൂടി തരിശുരഹിത മലബാർ എന്ന ആശയം പ്രായോഗികവത്കരിക്കുന്നതിനും കണ്ണൂർ, കാസർഗോഡ്, വയനാട്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളെ ഉൾപ്പെടുത്തി മലബാർ പാക്കേജ് രൂപീകരിക്കുമെന്ന് കൃഷിമന്ത്രി പറഞ്ഞു. മലബാർ പാഡി പാക്കേജുമായി ബന്ധപ്പെട്ട് കോഴിക്കോട് നടന്ന യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

ഇതിന്റെ ഭാഗമായി മലബാർ പാഡി പാക്കേജിനു വേണ്ട പ്രത്യേക പ്രോജക്ടുകൾ തയ്യാറാക്കണമെന്ന് മന്ത്രി ആവശ്യപ്പെട്ടു. ഈ മേഖലയിലെ ജലസേചന പദ്ധതികൾ നെൽകൃഷിക്ക് കൂടുതൽ പ്രയോജനപ്രദമാകുംവിധത്തിൽ സജ്ജമാക്കേണ്ടതുണ്ട്, നെൽകൃഷിക്ക് യോജിച്ച തരിശുനിലങ്ങൾ കണ്ടെത്തുകയും വേണം. മണ്ണു പരിശോധന, മണ്ണിന്റെ ഘടനയേയും രോഗകീട വ്യാപനത്തേയും സംബന്ധിച്ചുള്ള പഠനം എന്നിവയും നടത്തേണ്ടതുണ്ടെന്ന് മന്ത്രി ചൂണ്ടിക്കാട്ടി.

യോഗത്തിൽ കൃഷി പ്രിൻസിപ്പൽ സെക്രട്ടറി, പാഡി മിഷൻ ഡയറക്ടർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, കൃഷി അഡീഷണൽ ഡയറക്ടർ, പാഡി സെൽ അംഗങ്ങൾ, ഡപ്യൂട്ടി കളക്ടർമാർ, കാർഷിക സർവകലാശാലാ ശാസ്ത്രജ്ഞർ തുടങ്ങിയവർ പങ്കെടുത്തു.

# ആത്മ

## കേരളത്തിലെ പ്രവർത്തനങ്ങൾ ഹര്യാനയ്ക്കു മാതൃക



കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ആത്മ പദ്ധതിയുടെ പ്രവർത്തനങ്ങൾ നേരിട്ടു കണ്ട് പഠിക്കാൻ ഹര്യാനയിൽനിന്നുള്ള വിദഗ്ദ്ധ സംഘം കേരളത്തിലെത്തി. മാതൃകാപരമായ രീതിയിൽ പ്രവർത്തിക്കുന്ന ആത്മ കേന്ദ്രങ്ങൾ ഇവിടെയുള്ളതിനാലാണ് ഹര്യാന കൃഷിവകുപ്പിൽ നിന്നുള്ള ആറംഗ സംഘം സംസ്ഥാനത്തെത്തിയത്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർജില്ലകളിൽ 10 ദിവസംകൊണ്ട് സംഘം സന്ദർശനം പൂർത്തിയാക്കി. കേരള മാതൃകയിൽ ഹര്യാനയിലും ആത്മയുടെ പ്രവർത്തനം വ്യാപകമാക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് പഠനം നടത്തിയതെന്ന് സംഘാംഗങ്ങൾ പറഞ്ഞു.

## കൃഷിവകുപ്പിന്റെ നൂറുവർഷങ്ങൾ – ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നു

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ 40-ാം വാർഷികത്തോടനുബന്ധിച്ച് കേരളത്തിലെ കൃഷിവകുപ്പിന്റെ 100 വർഷങ്ങൾ പ്രമേയമാക്കി ഒരു പുസ്തകം പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നു. കൃഷിവകുപ്പിന്റെ ഒരു ശതാബ്ദക്കാലത്തെ പ്രവർത്തനങ്ങളും കേരളത്തിലെ കാർഷികമേഖലയിൽ ഇക്കാലയളവിലുണ്ടായ പരിവർത്തനങ്ങളുമായി ബന്ധപ്പെട്ട ശ്രദ്ധേയമായ വിവരങ്ങളും ഇവയുമായി ബന്ധപ്പെട്ട ഫോട്ടോകളും ഉൾപ്പെടുത്തിയാണ് ഗ്രന്ഥം പുറത്തിറക്കുന്നത്.

# 20,000 ഹെക്ടർ നെൽകൃഷിയെന്ന ലക്ഷ്യം നേടണം

### കൃഷിമന്ത്രി

കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിച്ച് സംസ്ഥാനത്ത് 20,000 ഹെക്ടറിൽ നെൽകൃഷി എന്ന ലക്ഷ്യം നേടണമെന്ന് കൃഷിമന്ത്രി മുല്ലക്കര രത്നാകരൻ ആവശ്യപ്പെട്ടു. തിരുവനന്തപുരം ഗസ്റ്റ്ഹൗസിൽ 9-7-09ന് കൂടിയ കൃഷിവകുപ്പിലെ ഉന്നതോദ്യോഗസ്ഥരുടെ അവലോകനയോഗത്തിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു മന്ത്രി. മലബാറിന്റെ കാർഷികോന്നമനം ലക്ഷ്യമിട്ടുകൊണ്ടുള്ള മലബാർ പ്രൊഡക്ഷൻ പാക്കേജ് ഈ മാസം 30-ാം തീയതിക്കുള്ളിൽ തയ്യാറാക്കുന്നതിനുള്ള നടപടി കൈക്കൊള്ളണമെന്ന് കൃഷി മന്ത്രി ആവശ്യപ്പെട്ടു. കൊച്ചിൻ ഇന്റർനാഷണൽ എയർപ്പോർട്ടുമായി ചേർന്ന് എറണാകുളത്ത് കയറ്റുമതി ലക്ഷ്യമിട്ട് സമഗ്ര പച്ചക്കറികൃഷി പദ്ധതി നടപ്പിലാക്കുമെന്ന് മന്ത്രി യോഗത്തിൽ വെളിപ്പെടുത്തി. ഒന്നര ലക്ഷം വീട്ടമ്മമാർക്കു പച്ചക്കറി കിറ്റുകൾ സൗജന്യമായി നൽകുന്നതാണ്. 400 സ്കൂളുകളിൽ പച്ചക്കറികൃഷി പദ്ധതിയും, കൃഷിഭവന്റെയും മറ്റ് ഓഫീസുകളുടെയും പരിസരത്ത് 1000 മാതൃകാ പച്ചക്കറിത്തോട്ടങ്ങൾ ഉണ്ടാക്കുന്ന പദ്ധതിയും നടപ്പിലാക്കുന്നതാണെന്നും മന്ത്രി പറഞ്ഞു. കൃഷിമന്ത്രിക്കു പുറമേ കൃഷി പ്രിൻസിപ്പൽ സെക്രട്ടറിയും, കൃഷി ഡയറക്ടർ, അഡീഷണൽ കൃഷി ഡയറക്ടർമാരും ജില്ലാതല പ്രിൻസിപ്പൽ കൃഷി ഓഫീസർമാരും അവലോകനയോഗത്തിൽ പങ്കെടുത്തു.

# പെണ്ണൊരുമ്പെട്ടാൽ....

കൗതുകം



ഫിലിപ്പൈൻസിലാണ് രസകരമായ ഈ സംഭവം അരങ്ങേറിയത്. ഭർത്താവിനോട് വഴക്കിടുകയായിരുന്നു കിം എന്ന വീട്ടമ്മ. തനിക്കു പുതിയ ഒരു സ്കൂട്ടർ വാങ്ങിച്ചു നൽകണമെന്നതായിരുന്നു കിമ്മിന്റെ ആവശ്യം. ഭർത്താവ് ഇതൊട്ട് അംഗീകരിച്ചില്ലെന്നു മാത്രമല്ല കിമ്മിനെ ചെലവാളി എന്നു വിളിച്ച് ആക്ഷേപിക്കുകയും ചെയ്തു. ഇതു കേട്ടു ക്രൂദ്ധയായ കിം പ്രതിഷേധ സൂചകമായി വീടിനടുത്തുള്ള വമ്പൻ പനയിൽ വലിഞ്ഞു കയറി അവിടെ ചുറ്റിപിടിച്ചിരുന്നു. ഭർത്താവ് താഴെനിന്ന് പലതവണ ആവശ്യപ്പെട്ടിട്ടും ശ്രീമതി താഴെയിറങ്ങിയില്ല. മണിക്കൂറുകൾ നീണ്ടപ്പോൾ വിരണ്ട ഭർത്താവ് പോലീസ് സഹായം തേടി. പോലീസ് ആവശ്യപ്പെട്ടിട്ടും കിമ്മിനു കുലുക്കമില്ല. ഒടുവിൽ തൊട്ടടുത്തുള്ള മറ്റൊരു പനയിൽ പോലീസിന്റെ സഹായത്തോടെ കയറിയ പാവം ഭർത്താവ് കിമ്മിനോടു മാപ്പു പറഞ്ഞു, പുതിയ സ്കൂട്ടർ വാങ്ങാമെന്ന് ഉറപ്പും നൽകി. വഴക്കിടുന്ന പെണ്ണുങ്ങളൊക്കെ ഇങ്ങനെ തുടങ്ങിയാൽ സ്ഥിതി എന്താവുമെന്നു പോലീസുകാർ!


| | |
|---|---|
| **ചീഫ് എഡിറ്റർ** | - എ.എം. സുനിൽകുമാർ |
| **എഡിറ്റർ** | - ജി.എസ്. ഉണ്ണികൃഷ്ണൻ |
| **അസി. എഡിറ്റർ** | - അനിത സി.എസ്. |
| **ഫോട്ടോ** | - സുഭാഷ് ബി. പിള്ള |
| **ആർട്ടിസ്റ്റ്** | - എം. വിജയകുമാർ |
| **ഡി.റ്റി.പി. & ലേ ഔട്ട്** | - ദീപക് |

**ഫോൺ : 0471 2317314, 2314358, 2318186**
**e-mail : pio@asianetglobal.com**

Printed and published by S. Sivaprasad, Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Printed at Kerala Books and Publications Society, Ernakulam